സി.ജി(2)43639/2010.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 17.1.2011.

**Email : keralarcs@co-op.kerala.gov.in**
*Website : www co-operation. kerala.gov.in*
Tel : No. 0471 2330726

## സർക്കുലർ നമ്പർ 9/2011

വിഷയം: സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപ വരെയുള്ള വിള വായ്പകൾക്ക് ഒന്നര ശതമാനം പലിശയിളവ് (Interest Subvention)– സംബന്ധിച്ച്.

സൂചന: 15–11–2010–ലെ 207/PCD/18/2010/നമ്പർ നബാർഡ് സർക്കുലർ.

2010 – 11 വർഷത്തിൽ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ അധികരിക്കാതെ വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾക്ക് ഒന്നര ശതമാനം പലിശയിളവ് (Interest Subvention) കേന്ദ്ര സർക്കാരിൽ (നബാർഡ്) നിന്നും ലഭിക്കുവാൻ അർഹത യുണ്ടായിരിക്കുമെന്നും, ടി വായ്പകൾ എടുക്കുന്ന കർഷകർ വായ്പാകാലാവ ധിയ്ക്കകം (പരമാവധി ഒരു വർഷം) തന്നെ വായ്പ തിരിച്ചടയ്ക്കുകയാണെങ്കിൽ, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോത്സാഹനമെന്ന നിലയിൽ രണ്ടു ശതമാനം പലിശയിളവ് വായ്പക്കാരന് അധികമായും നബാർഡ് അനുവദിച്ച് നൽകുന്നതാണെന്നും, ടി ഇളവിലൂടെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷ കന് ഹ്രസ്വകാല വിളവായ്പയുടെ പലിശനിരക്ക് 5 ശതമാനമായി നിജപ്പെടുത്തിയി ട്ടുണ്ടെന്നും, വായ്പ അനുവദിച്ച് നൽകുന്ന തീയതി മുതൽ തിരിച്ചടവ് തീയതി വരെ പരമാവധി ഒരു വർഷത്തേക്കാണ് കർഷകന് പലിശയിളവ് അനുവദിച്ച് നൽകുന്നതെന്നും സൂചന പ്രകാരം നബാർഡ് നിർദ്ദേശിച്ചിട്ടുണ്ട്.

സൂചനയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ അധികരിക്കാതെ പരമാവധി മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വ കാല വിളവായ്പകൾ വിതരണം ചെയ്യേണ്ടതും, ഇത്തരം വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകേണ്ടതുമാണ്.

സംഘങ്ങൾ/ബാങ്കുകൾ (ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെ) ആനുകൂ ല്യത്തിന് അർഹതയുള്ള വായ്പകളെ സംബന്ധിച്ച പട്ടിക സൂചന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രൊഫോർമയ്ക്കും അനുസൃതമായി തയ്യാറാക്കി വകു പ്പുതല ആഡിറ്റർ സാക്ഷ്യപ്പെടുത്തി നിശ്ചിത സമയപരിധിയ്ക്കകം ജില്ലാ

സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി നബാർഡിന് സമർപ്പിക്കേണ്ടതുമാണ്.

വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള രണ്ട് ശതമാനം പലിശയിളവ് ആനുകൂല്യം സംഘങ്ങൾ/ബാങ്കുകൾ (ജില്ല സഹകരണ ബാങ്കുകൾ ഉൾപ്പെടെ) വായ്പ തിരിച്ചടയ്ക്കുന്ന സമയത്തുതന്നെ കർഷകർക്ക് അനുവദിച്ച് നൽകേണ്ടതും, ആയത് നബാർഡിൽ നിന്നും തിരികെ ലഭിക്കുന്നതിന് നിശ്ചിത സമയപരിധിയ്ക്കകം പട്ടിക തയ്യാറാക്കി വകുപ്പുതല ആഡിറ്റർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതി സംബന്ധിച്ച വിവരം കർഷകരിൽ എത്തിക്കുന്നതിന് സംഘം/ബാങ്ക് തലത്തിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്.
6. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും,
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. സ്റ്റോക്ക് ഫയൽ/സ്പെയർ
14. വെബ്സൈറ്റ്.

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)

കെഎസ്.